# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്ന ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം : **6215** — 08.07.2014ൽ മറുപടിക്ക്

## എൻ.സി.സി. ക്യാമ്പുകളിലെ മോശം പ്രവണതകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് : | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കോട്ടയം എൻ.സി.സി. ഗ്രൂപ്പിന്റെ കീഴിലുള്ള തിരുവല്ല 15 കേരള ബറ്റാലിയൻ എൻ.സി.സി.യുടെ ആഭിമുഖ്യത്തിൽ 2014 മേയ് 22 മുതൽ 31 വരെ ഇരവിപേരൂർ സെന്റ് ജോൺസ് ഹയർ സെക്കന്ററി സ്കൂളിൽ വെച്ച് ഒരു എൻ.സി.സി. ക്യാമ്പ് നടന്നിട്ടുണ്ടോ ; ഇതിന്റെ ചുമതല ആർക്കായിരുന്നു ; വിശദമാക്കുമോ ; | (എ) ഉണ്ട്. ഇതിന്റെ ചുമതല 15 കേരള ബറ്റാലിയൻ തിരുവല്ലയുടെ കമാൻഡിംഗ് ഓഫീസർക്കായിരുന്നു. |
| (ബി) പ്രസ്തുത ക്യാമ്പിൽ പങ്കെടുത്ത ഗേൾ കേഡറ്റിനെ അപമാനിക്കാൻ ശ്രമിച്ച കുക്ക് ഹൌസിലെ ജീവനക്കാരനെതിരെ കേഡറ്റ് പരാതി നല്കിയിട്ടുണ്ടോ ; പ്രസ്തുത പരാതിയിന്മേൽ തെറ്റായി നടപടി സ്വീകരിച്ച കമാൻഡന്റിന്റെ പേരിൽ മുഖ്യമന്ത്രിക്ക് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) ഇല്ല. പക്ഷേ ഒരു കേഡറ്റിന്റെ രക്ഷിതാവ് പരാതി നൽകിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) എൻ.സി.സി. ക്യാമ്പുകളിൽ ഇത്തരം മോശം പ്രവണതകൾ ആവർത്തിക്കാതിരിക്കുന്നതിന് മാതൃകാപരമായ നടപടി സ്വീകരിക്കുമോ ? | (സി) ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കാനുള്ള കർശന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്